**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **29-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എൺപത് ശതമാനത്തിലധികം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഇന്റർ സ്റ്റേറ്റ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുവാൻ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ ബസ്സ് സ്റ്റേഷൻ നിർമ്മാണത്തിന് മെർക്കന്റയിൽ സൊസൈറ്റിയ്ക്ക് 30 വർഷത്തേക്ക് പാട്ടക്കരാറിന് നൽകിയിരുന്നെങ്കിലും ടി സൊസൈറ്റി നാളിതുവരെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രവർത്തി ഏറ്റെടുത്തിരുന്ന അവസരത്തിൽ കൺസ്ട്രക്ഷൻ പെർമിറ്റ് ഉണ്ടായിരുന്നു. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ചിരിക്കുകയാണ്. |
| (ബി) | അന്തർ സംസ്ഥാന സർവീസുകൾ നിരവധിയുള്ള പ്രസ്തുത ബസ് ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | നിലവിൽ ഏറ്റെടുത്ത സ്ഥാപനം തന്നെ കാലാവധി തീർന്ന പെർമിറ്റ് പുതുക്കി പ്രവർത്തി പൂർത്തീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി. യിൽ നിന്നും മെർക്കന്റയിൽ സൊസൈറ്റിയ്ക്ക് നിർദ്ദേശം നൽകി ിട്ടുണ്ട്. |
| (സി) | അമ്പത്തിയെട്ടോളം സർവീസുകൾ ഉണ്ടായിരുന്ന പ്രസ്തുത സബ് ഡിപ്പോയിൽ നിലവിൽ മുപ്പത്തിരണ്ട് സർവീസുകൾ മാത്രമാണ് ഉള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കോവിഡാനന്തരം നിർത്തിവെച്ച സർവ്വീസുകളിൽ ലാഭകരമായവ പുനഃക്രമീകരിച്ച് ഒമ്പതിലധികം സർവീസുകൾ പുനഃരാരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.<br><br>പ്രവർത്തന ചെലവ് പോലും ലഭിക്കാതെ കടുത്ത നഷ്ടത്തിൽ ഓടിയിരുന്ന മറ്റ് സർവീസുകൾ നിലവിലെ സാഹചര്യത്തിൽ പുനഃരാരംഭിക്കുവാൻ കഴിയുന്നില്ല. എന്നാൽ യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് ജനോപകാരപ്രദവും പൊതുവിൽ ഗുണകരമായതുമായ രീതിയിൽ സർവീസുകൾ പുനഃക്രമീകരിച്ച് നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ